ശ്രീ. ടി. കെ. നാരായണപിള്ള: സ്വാഭാവികമായിട്ടുള്ളതല്ലെന്ന തോന്നി യതുകൊണ്ടാണ് ഒരു പരസ്യാന്വേഷണം നടത്താൻ എപ്പോഴെ ചെയ്തിരിക്കുന്നത്.

GOVERNMENT HOSPITAL

*293 [9] Sri. R. Chellaswami Nadar: Will the Hon'ble Minister for Finance be pleased to state whether the Government have received representations to open a Government Hospital at Kuzhithura?

ധനകാര്യവും, റവന്യൂവും, വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ): കഴിഞ്ഞ ഒരു ആശുപത്രി സ്ഥാപിക്കണമെന്ന് കാണിച്ച് ഗവണ്മെന്റിനു നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്.

സാനിട്ടറി ഇൻസ്പെക്ടർമാർ

*൨൯൪. (൧൦) ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ –

(എ) പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെന്റിലുള്ള സാനിട്ടറി ഇൻസ്പെക്ടറന്മാരുടെ ഉദ്യോഗം നിർത്തി അവരെ സാനിട്ടറി അസിസ്റ്റന്റന്മാരായി തരംതാഴ്ത്തുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

(ബി) അവർ അതിനെപ്പറ്റി മെമ്മോറിയൽ ഗവണ്മെന്റിലേക്ക് സമർപ്പിച്ചിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ റീഓർഗനൈസേഷൻ നടപ്പിൽ വരുത്തുന്നതോടുകൂടി സാനിട്ടറി ഇൻസ്പെക്ടർ എന്ന ഉദ്യോഗം ഉണ്ടായിരിക്കുന്നതല്ല. എങ്കിലും അതേതസ്തികയിൽ സാനിട്ടറി അസിസ്റ്റാൻസ് എന്ന ഉദ്യോഗം ഉണ്ടായിരിക്കുന്നതാണ്.

(ബി) അമ്പലപ്പുഴ, ചേർത്തല, വൈക്കം എന്നീ താലൂക്കുകളിലെ സാനിട്ടറി ഇൻസ്പെക്ടറന്മാരുടെ ഒരു യോഗത്തിൽ അംഗീകരിച്ച ഒരു പ്രമേയവും ആലപ്പുഴയിലെ നാൺഗസറ്റഡ്ഓഫീസറന്മാരുടെ ഒരു യോഗത്തിൽ പാസാക്കിയ ഒരു പ്രമേയവും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ട്.

ശ്രീ. കെ. എ. മാത്യു: ആ പ്രമേയങ്ങളുടെ ഫലമായിട്ട് അതിൽ പറയുന്ന കാര്യങ്ങൾ അനുവദിച്ചുകൊടുക്കുന്നതിന് ഗവണ്മെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. ജെ ജോൺ: അക്കാര്യങ്ങളെപ്പറ്റി ആലോചിച്ചിട്ടുണ്ട്. പക്ഷെ അനുവദിച്ചുകൊടുക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

Sri P. Balakrishnan Tampi: May I know whether a change in nomenclature means any degradation?

Sri. A. J. John No.

ഹൈക്കോടതി നിയമനം

*൨൯൫. (൧൧) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.–

(എ) ഹൈക്കോടതിയിലേക്ക നിയമിക്കുവൻ ആരുടെയെല്ലാം പേരുകൾ ഗവണ്മെന്റ് ശുപാർശചെയ്തു?

(ബി) അപ്രകാരം നിയമനങ്ങൾ നടന്നോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?

LIBRARY ARCHIVES Kerala Legislative Assembly